ആരാണോ വേട്ടക്കോ കാലികൾക്ക് കാവലിനോ വേണ്ടിയല്ലാതെ
നായയെ വളർത്തുന്നത്, ഓരോ ദിവസവും അവന്റെ
പ്രതിഫലത്തിൽനിന്ന് രണ്ട് ഖീറാത്
കുറഞ്ഞുകൊണ്ടിരിക്കുന്നതാണ്.
അബ്ദുല്ലാഹിബ്നു ഉമർ (رضي الله عنه) പറയുന്നു: അല്ലാഹുവിന്റെ റസൂൽ (صلى الله عليه وسلم) പറയുന്നതായി
ഞാൻ കേട്ടിരിക്കുന്നു: "ആരാണോ വേട്ടനായയെയോ കാലികൾക്കുള്ള (കാവൽ)നായയെയോ
അല്ലാതെ നായയെ വളർത്തുന്നത്, അവന്റെ പ്രതിഫലത്തിൽനിന്ന് ഓരോ ദിവസവും രണ്ട്
ഖീറാത് വീതം കുറഞ്ഞുകൊണ്ടിരിക്കുന്നതാണ്. "സാലിം പറയുന്നു: അബൂ ഹുറൈറ പറയാറുണ്ട്:
"അല്ലെങ്കിൽ കൃഷിക്കുള്ള (കാവൽ) നായയും" (ഈ താക്കീതിൽ നിന്നൊഴിവാണ് എന്ന്.)
അദ്ദേഹം കൃഷിക്കാരനായിരുന്നു.
[സ്വഹീഹ്] [ബുഖാരിയും മുസ്ലിമും ഉദ്ധരിച്ചത്]
https://sunnah.global/hadeeth/ml/show/2994